പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.262 — 07.11.2019-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ. എൻ. ഷംസീർ<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.വി. അബ്ദുറഹിമാൻ<br>,, എം. മുകേഷ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br>2.തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.<br>3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.<br>4. വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ.<br>5. മത്സ്യത്തൊഴിലാളി /അനുബന്ധ ത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷുറൻസ് പദ്ധതി.<br>6. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.<br>7. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.<br>8. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.<br>9. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി<br>10. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽസുരക്ഷാ പദ്ധതികൾ.<br>11. RIDF കിഫ്ബി പദ്ധതികളിലുൾപ്പെടുത്തി തീരദേശ ആശുപത്രികൾ, ഫിഷറീസ് സ്കൂളുകൾ, അംഗനവാടികൾ, ലൈബ്രറി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ<br>12. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം. |
| (ബി) | ട്രോളിംഗ് നിരോധനംമൂലം മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യസമാശ്വാസ പദ്ധതി 2700/-രൂപയിൽ നിന്ന് 4500/-രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി വിതരണം ചെയ്യുകയും ചെയ്ത് വരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350/-രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നുണ്ട്. കൂടാതെ ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നുണ്ട്. |
| (സി) | ഈ മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവജനങ്ങൾക്ക് വിദഗ്ധ പരിശീലനവും ധനസഹായവും നൽകി ഇതര മേഖലകളിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; | (സി) | അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവജനങ്ങൾക്ക് വിദഗ്ധ പരിശീലനവും ധനസഹായവും നൽകി ഇതരമേഖലകളിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) തീര നൈപുണ്യ പദ്ധതി<br>2) 3 R Pilot പദ്ധതി<br>3) അഷ്ടമുടി phase II |
| (ഡി) | മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾക്ക് സംരക്ഷണം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി ഹള്ളിന് മാത്രമായിട്ടാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് വർഷം ഹള്ളിനും, എഞ്ചിനും കൂടി ഇൻഷ്വുറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. നിലവിൽ ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്ന് വരുന്നു.<br>മത്സ്യഫെഡ് മുഖേന ,ഉപകരണ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ 10 എച്ച് പിയിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ